തുഫൈൽ അഹമ്മദ്

സൗദി അറേബ്യ: വർണവെറിയുടെ നവവ്യാഖ്യാനം

ബരാക് ഒബാമ സൗദി ഭരണാധികാരിയുമൊത്ത്

ഒരു വ്യക്തിയുടെ പേരുമായി ബന്ധപ്പെട്ട് നാമകരണം ചെയ്യപ്പെട്ട ഒരേ ഒരു രാഷ്ട്രം സൗദിഅറേബ്യയായിരിക്കുമെന്ന കാര്യം നമ്മിൽ പലരും ശ്രവിച്ചിട്ടുണ്ടാവില്ല. ഇസ്ലാം മതപ്രഭാഷകനായ മുഹമ്മദ്ഇബ്ൻ അബ്ദുൾ വഹാബുമായിചേർന്ന് 18ാം നൂറ്റാണ്ടിൽ സൗദിരാഷ്ട്രം സ്ഥാപിച്ച മുഹമ്മദ്ഇബ്ൻ സൗദിന്റെ പിതാവായ സൗദ്- ഇബ്ൻ മുഹമ്മദിന്റെ പേരുമായി ബന്ധപ്പെട്ടാണത്. പ്രവാചകനായ മുഹമ്മദിന്റെ ഹാഷിമൈറ്റ് കുടുംബത്തിൽനിന്ന് പുണ്യനഗരങ്ങളായ മക്കയും മദീനയുമടങ്ങുന്ന ഹൈജാസിന്റെ നിയന്ത്രണം കൈക്കലാക്കിയ അബ്ദുൾ അസീസ് ഇബ്നി സൗദ് ആണ് 1932ൽ സമകാലീന സൗദി അറേബ്യയെ ഏകീകരിച്ചത്. ഏറ്റവും ഹീനമായ മനുഷ്യാവകാശ ധ്വംസനമാണ് സൗദി അറേബ്യയിൽ നടക്കുന്നത്. മനുഷ്യരെ തലയറുത്തു

Apartheid-വർണവെറി എന്ന വാക്ക് പ്രശസ്തമായത് ദക്ഷിണാഫ്രിക്കയിലെ ഭരണകൂടം കറുത്തവരോട് കാണിച്ച ക്രൂരമായ വിവേചനത്തോടെയാണ്. അതുതന്നെയാണ് മറ്റൊരു തരത്തിൽ സൗദി അറേബ്യയും ചെയ്യുന്നത്

റയ്ഫ് ബദാവിയുടെ മോചനത്തിനുവേണ്ടി കാനഡയിൽ നടന്ന പ്രകടനം

എന്തെങ്കിലും ഒരു കാരണത്തിൻമേൽ ഇസ്രായേലിനെ ബഹിഷ്ക്കരിക്കുന്നവരാണ് ഇടതുപക്ഷബുദ്ധിജീവികളും പത്രപ്രവർത്തകരും എന്നാൽ സൗദിഅറേബ്യയുടെ കാര്യം വരുമ്പോൾ ഇവരുടെ ധാർമ്മികബോധം എവിടെപോകുന്നു. വല്ല അഴുക്കുചാലിലും കഴുകികളഞ്ഞോ?

ന്നെത്തുന്നു എന്നത് നാം കൂടുതൽ പരിഷ്കൃതരാവുന്നു എന്നതിന്റെ ലക്ഷണമാണല്ലോ. പൊതു ജീവിതത്തിൽ സ്ത്രീകളുടെ പങ്കിന് ഇസ്ലാം കർശനമായ നിയന്ത്രണം ഏർപ്പെടുത്തുന്നുണ്ട് എന്നാണ് മുസ്ലീം ആചാരങ്ങളിൽ നിന്നും പുരോഹിതൻമാരുടെ പ്രസ്താവനകളിൽ നിന്നും നാം മനസ്സിലാക്കേണ്ടത്. സൗദികൾ 'ഇസ്ലാം' നടപ്പിൽ വരുത്തുന്നതോടെ സ്ത്രീകൾക്ക് ഒരു പുരുഷന്റെ അനുവാദമില്ലാതെ വിവാഹം കഴിക്കാനോ പുരുഷ ബന്ധുക്കളോട് കൂടെയല്ലാതെ പുറത്തുപോകാനോ കഴിയില്ല. അവർ വാഹനമോടിക്കുന്നത് നിരോധിക്കപ്പെട്ടിരിക്കുന്നു. ഒരു ഏകാധിപത്യരാഷ്ട്രത്തിലെന്നപോലെ സൗദി അറേബ്യയിൽ സ്ത്രീകൾ രാജ്യം വിടാതിരിക്കാനുള്ള കർശനനിരീക്ഷണത്തിന് വിധേയരാണ്. സ്ത്രീകൾ വെറും സംഖ്യകൾ മാത്രം. ആൺകുട്ടികളുടെ സ്ക്കൂളുകൾക്ക് പേരുകൾ നൽകുമ്പോൾ പെൺകുട്ടികളുടേത് അക്കങ്ങൾകൊണ്ടാണ് സൂചിപ്പിക്കപ്പെടുന്നത്. കോളമിസ്റ്റായ ഒമാനിയ അൽ-ഖായിസ് അടുത്തകാലത്ത് എഴുതിയ ഒരു ലേഖനത്തിൽ വ്യാകുലപ്പെടുന്നതിങ്ങിനെയാണ്. ''റിയാദിൽ ഏറ്റവും അടുത്തകാലത്ത് ആരംഭിച്ച പെൺകുട്ടികളുടെ വിദ്യാലയത്തിന് 390-ാ മത് എലമെന്ററി സ്ക്കൂൾ എന്ന് പേരിട്ടിരിക്കുന്നു.'' പെൺകുട്ടികളുടെ വിദ്യാലയങ്ങൾക്ക് പേരിന് പകരം അക്കങ്ങൾ കൊടുക്കുന്നത് അവരുടെ സ്വത്വത്തെ തന്നെ ഇല്ലാതാക്കാൻ വേണ്ടിയാണ്.

സ്ത്രീയുടെ സ്വത്വത്തിന് നേരെയുള്ള ഒരു കടന്നാക്രമണമാണ് സൗദിയിൽ. ഇന്ത്യൻ നഗരങ്ങളിൽ രണ്ടുവയസ്സുപോലും തികയാത്ത പെൺകുഞ്ഞുങ്ങളെ പർദ്ദയിട്ട് നടത്തുന്നത് നമുക്ക് കാണാം. പർദ്ദ കേവലം ഒരു തുണിക്കഷ്ണമല്ല മറിച്ച് സ്ത്രീകൾ മറ്റുള്ളവരുമായി എങ്ങനെ ഇടപഴകണമെന്ന് തീരുമാനിക്കുന്ന ഒരു അച്ഛന്റെ തത്ത്വശാസ്ത്രത്തെയാണ് അത് പ്രതിനിധാനം ചെയ്യുന്നത്. സ്ത്രീയുടെ മോഹങ്ങൾക്ക് അത് കടിഞ്ഞാണിടുന്നു. സൗദി സ്ത്രീകളെ ഭർത്താക്കൻമാർക്ക് ഏകപക്ഷീയമായി വിവാഹമോചനം ചെയ്യാം. മൂന്ന് തലാക്ക് ചൊല്ലി ഇന്ത്യയിലെ മുസ്ലീം ഭാര്യമാരെ ഏകപക്ഷീയമായി വിവാഹമോചനം ചെയ്യാവുന്നതുപോലെ തന്നെ. ശരിയത്തിനോട് വിധേയത്വമുള്ള ഇന്ത്യാരാജ്യത്ത് അതിന് പൂർണ അംഗീകാരവുമുണ്ടല്ലോ

9/ 11 സംഭവത്തിന് ശഷം ജനാധിപത്യസംരക്ഷണത്തിന് വേണ്ടിയു.എസ് പ്രസിഡണ്ട് ജോർജ്.ഡബ്ലിയു ബുഷ് നടത്തിയ ശക്തമായ ഭാഷയിലുള്ള ഇടപെടലുകളാണ് മുൻസിപ്പൽ തെരഞ്ഞെടുകൾ നടത്താൻ സൗദിയെ നിർബന്ധിതരാക്കിയത് എന്നത് അധികമാർക്കും അറിഞ്ഞുകൂടാത്ത സത്യമാണ്.

പക്ഷേ പുരുഷൻമാർക്ക് മാത്രമേ വോട്ടവകാശമുണ്ടായിരുന്നുള്ളൂ. ഇസ്ലാം അനുവദിക്കുന്ന അരവോട്ടുപോലും സ്ത്രീകൾക്ക് ചെയ്യാനായില്ല.

തെരഞ്ഞെടുപ്പുകളില്ല, രാഷ്ട്രീയപാർട്ടികളില്ല, നിയമനിർമ്മാണ സഭകളില്ല, ട്രേഡ് യൂണിയനുകളില്ല, സൗദി അറേബ്യയിലെ 30% ലേറെ ആളുകളും മറ്റുമതങ്ങളിൽ പെട്ട കുടിയേറ്റക്കാരാണ്. എന്നിരുന്നാലും അമുസ്ലീങ്ങൾക്ക് ആരാധനാലയങ്ങൾ നിർമ്മിക്കുവാൻ സൗദികൾ അനുവദിക്കുകയില്ല. ഒരു കാലത്ത് ഒരു അമുസ്ലിം നഗരമായിരുന്ന മെക്കയിൽ ഇന്ന് മുസ്ലീം സന്ദർശകർക്ക് മാത്രമേ പ്രവേശനമുള്ളൂ. അമുസ്ലിങ്ങൾക്ക് എതിരെയുള്ള വർഗവിവേചനം സൗദി ഭരണകൂടംതന്നെ അനുവദിച്ചതാണ്. ഇസ്ലാമിൽ വിശ്വസിക്കുന്നവർക്കു മാത്രമേ സൗദി പൗരത്വത്തിന് അർഹതയുള്ളൂ. ജനസംഖ്യയുടെ 15 ശതമാനത്തോളം വരുന്ന ഷിയാമുസ്ലീങ്ങൾ ഉപദ്രവിക്കപ്പെടുന്നു എന്നു മാത്രമല്ല ഉന്നത ജോലികളിൽ നിന്ന് മാറ്റി നിർത്തപ്പെടുകയും ചെയ്യുന്നു. വിമതശബ്ദങ്ങൾ സൗദികൾ ഒരിക്കലും വെച്ചു പൊറുപ്പിക്കുകയില്ല. പ്രസംഗസ്വാതന്ത്ര്യത്തെക്കുറിച്ച് ബ്ലോഗിൽ എഴുതിയ റൈഫ് ബദാവിക്ക് 1000 ചാട്ടയടിയായിരുന്നു ശിക്ഷ.

ബ്രിട്ടീഷ് രാജവാഴ്ച ജനങ്ങളെ ശാക്തീകരിക്കുകയാണെങ്കിൽ, സൗദി രാജഭരണത്തിൽ പൗരന് സ്വപ്നം കാണാൻപോലും അവകാശമില്ല. ഒരു ബ്ലോഗ് എഴുതാനോ ഒരു ഗവർണർ ആകാനോ അവർക്ക് സ്വപ്നത്തിൽപോലും സാദ്ധ്യമല്ല. കോടിക്കണക്കിന് ജനങ്ങൾക്ക് സ്വപ്നം കാണാനുള്ള ആവേശം പകരാൻ ഒരു ചായക്കടക്കാരന് സാധിക്കുന്ന ജനാധിപത്യരാഷ്ട്രങ്ങളെപോലെയല്ല മറിച്ച് നിങ്ങൾ ഒരു രാജകുടുംബത്തിൽ പിറന്ന സൗദിയല്ലെങ്കിൽ, നിങ്ങളുടെ സ്വപ്നങ്ങളുടെ ചിറക് അരിഞ്ഞതുതന്നെ! സാധാരണ പൗരൻമാർക്ക് ഭരണാധികാരികളാവാൻ സാധിക്കുന്ന ജനാധിപത്യരാഷ്ട്രങ്ങ

ളെപ്പോലെയല്ല, മറിച്ച് നിങ്ങൾ ഒരു രാജകുടുംബത്തിൽ പിറന്ന സൗദിയല്ലെങ്കിൽ നിങ്ങളുടെയും സ്വപ്നങ്ങളുടെ ചിറക് അരിഞ്ഞതു തന്നെ! സാധാരണ പൗരൻമാർക്ക് ഭരണാധികാരികളാവാൻ സാധിക്കുന്ന ജനാധിപത്യരാഷ്ട്രപ്പോലെയല്ല, മറിച്ച് സൗദിഅറേബ്യയേയും ക്യൂബയേയും ഉത്തരകൊറിയയേയും പോലുള്ള സ്വേച്ഛാധിപത്യരാഷ്ട്രങ്ങൾ അവരുടെ ജനതയെ വിശ്വാസത്തിലെടുക്കുന്നില്ല. ഭരണാധികാരിയിൽനിന്ന് സ്വന്തം സഹോദരങ്ങളിലോക്കൊ മക്കളിലേക്കൊആണ് അധികാര കൈമാറ്റം നടക്കുന്നത്. സൗദി അറേബ്യയിൽ ഉന്നത സർക്കാർ ഉദ്യോഗങ്ങളെല്ലാം 7000 രാജകുമാരൻമാർക്ക് നീക്കിവെച്ചിരിക്കയാണ്. എല്ലാ സൗദിനയതന്ത്രപ്രതിനിധികളും പുരുഷൻമാരാണ്.

ആംനസ്റ്റി ഇന്റർനാഷണലിന്റെ ചില വെളിപ്പെടുത്തലുകൾ ശ്രദ്ധിക്കുക.

- രാജ ഭരണത്തെ വിമർശിച്ച് കൊണ്ട് ഒന്ന് ട്വീറ്റ് ചെയ്താൽ 10 വർഷം ജയിലിൽ കിടക്കേണ്ടിവരും.
- ബ്ലോഗിൽ എഴുതിയാൽ നിങ്ങളുടെ ജോലി നഷ്ടപ്പെട്ടതു തന്നെ.
- മനുഷ്യാവകാശ സംരക്ഷണപ്രവർത്തകരെ തീവ്രവാദികളെപ്പോലെ വിചാരണചെയ്ത് 15 വർഷം ജയിലിലടക്കുന്നു.
- തടവുകാരെ ക്രൂരമായി പീഡിപ്പിക്കുന്നത് ഒരു സാധാരണ സംഭവം മാത്രം.
- സർക്കാറിന് എതിരെ പ്രകടനം നടത്തുന്ന ഷിയാ ന്യൂനപക്ഷങ്ങളെ വധശിക്ഷക്ക് വിധിക്കുന്നു.
- ബ്ലോഗിൽ എഴുതുകയാണെങ്കിൽ നിങ്ങളെ നിരീശ്വരവാദിയും ഭ്രാന്തനുമായി ചിത്രീകരിച്ച് ജയിലിൽ അടക്കും.

പാകിസ്ഥാനെപ്പോലെ, സൗദിഅറേബ്യയാണ് ജനങ്ങളുടെ മതവിശ്വാസത്തെ തീരുമാനിക്കുന്നത്. അഹമ്മദീയ മുസ്ലീങ്ങളെ അമുസ്ലീങ്ങളായി പ്രഖ്യാപിച്ചിരിക്കുന്നു. സാധാരണ സൗദികളെ സംബന്ധിച്ചിടത്തോളം സർവ്വശക്തനായ അള്ളാഹുവിനേക്കാളും ശക്തിമാനാണ് രാജാവ്.

നെൽസൺ മണ്ടേല സജീവമാകുന്നതിനുമുൻപ് , ഭൂരിപക്ഷം വരുന്ന കറുത്ത വർഗ്ഗക്കാരെ പൊതു ജീവിതത്തിൽ നിന്ന് അകറ്റി സൗത്ത് ആഫ്രിക്കയിലെ വെളുത്തവർഗ്ഗക്കാരായ ഭരണാധികാരികൾ കടുത്തവർണവിവേചനം നടപ്പാക്കി. എന്നാൽ തീർത്തും വർണ്ണവിവേചനത്തിന്റെതായ ഇസ്ലാമിക് നയമാണ് പകുതിയോളം വരുന്ന സ്വന്തം പൗരന്മാർക്കുനേരെ

9/ 11 സംഭവത്തിന് ശഷം ജനാധിപത്യസംരക്ഷണത്തിന് വേണ്ടി യു.എസ് പ്രസിഡന്റ് ജോർജ്.ഡബ്ലിയു ബുഷ് നടത്തിയ ശക്തമായ ഭാഷയിലുള്ള ഇടപെടലുകളാണ് മുൻസിപ്പൽ തെരഞ്ഞെടുകൾ നടത്താൻ സൗദിയെ നിർബന്ധിതരാക്കിയത്. എന്നത് അധികമാർക്കും അറിഞ്ഞുകൂടാത്ത സത്യമാണ്.

നിയമപരമായി സൗദി അറേബ്യ നടപ്പാക്കികൊണ്ടിരിക്കുന്നത്. വഴി നടക്കാനും വണ്ടിയോടിക്കാനും സാധിക്കാത്ത സ്ത്രീകളാണ് പകുതിവരുന്ന ആ പൗര സമൂഹം.

ഭവ്യതയോടെ സൗദികളുടെ മുന്നിൽ പഞ്ചപുച്ഛമടക്കി നിൽക്കുന്ന ലോകനേതാക്കളെ നമുക്ക് കാണാം. അടുത്തകാലത്ത്, നൊബേൽ സമ്മാനജേതാവായ ബറാക്ക് ഒബാമ, മരിച്ചു കിടക്കുന്ന ഒരു സൗദി രാജാവിനെ കണ്ട് വണങ്ങാൻ തന്റെ ഡൽഹിയാത്രക്കിടെ ഓടിക്കിതച്ചെത്തിയ കാര്യം നമുക്കറിയാം. ഒരു കാലത്ത് യു.എസ് നേതാക്കൾ മാനവികതക്ക് വേണ്ടി നിലകൊണ്ടവരായിരുന്നു. നിഷ്ഠുരമായ ഏകാധിപത്യഭരണങ്ങളിൽ കുടുങ്ങിയ ജനങ്ങൾ വാഷിംഗ്ടണിൽ നിന്നുള്ള ഒരു പ്രസ്താവനക്ക് വേണ്ടി കാത്തിരിക്കുമായിരുന്നു. നട്ടെല്ലില്ലാത്ത നേതൃത്വം വന്നതോടെ അമേരിക്കക്ക് ഒരു ദിശാബോധം നഷ്ടപ്പെട്ടിരിക്കുന്നു.

എന്തെങ്കിലും ഒരു കാരണത്തിൻ മേൽ ഇസ്രായേലിനെ ബഹിഷ്ക്കരിക്കുന്നവരാണ് ഇടതുപക്ഷബുദ്ധിജീവികളും പത്രപ്രവർത്തകരും എന്നാൽ സൗദിഅറേബ്യയുടെ കാര്യം വരുമ്പോൾ ഇവരുടെ ധാർമ്മികബോധം എവിടെപോകുന്നു. വല്ല അഴുക്കുചാലിലും കഴുകികളഞ്ഞോ? ഡൽഹിയിലെ അഹമ്മദീയ മുസ്ലീങ്ങൾ സംഘടിപ്പിച്ച ഒരുഖുറാൻ എക്സിബിഷൻ ജുമാമസ്ജിദിലെ ഇമാം ബുഖാരി നേതൃത്വം കൊടുത്ത ഗുണ്ടകൾ നിർത്തിവെപ്പിച്ചതുപോലെ ഐക്യരാഷ്ട്രസഭയിലെ സൗദിപ്രകടനങ്ങളെ വിമർശിക്കുന്ന വലതുപക്ഷപ്രവർത്തകരെ സൗദി നയതന്ത്രജ്ഞർ നിരന്തരമായി നിയന്ത്രിച്ചു നിർത്തുകയും ചെയ്യുന്നു. ബദാവിയുടെ കാര്യം തന്നെയെടുക്കാം. അദ്ദേഹത്തിന്റെ കുടുംബം കാനഡയിൽ അഭയംതേടിയിരിക്കുകയാണ്. എന്നാൽ സൗദിഅറേബ്യയുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടരുതെന്ന് ധാർമ്മികബോധം തൊട്ടുതീണ്ടിയിട്ടില്ലാത്ത സൗദികൾ കനേഡിയൻ ഗവൺമെന്റിനെ ഭീഷണിപ്പെടുത്തി.

ഈ അടുത്തകാലത്ത് നടന്ന ഒരു അറബ്ലീഗ് മീറ്റിൽ സ്വീഡിഷ് വിദേശകാര്യമന്ത്രി മാർഗറ്റവാൾസ്ട്രോ സ്ത്രീകളുടെ അവകാശവാദത്തെക്കുറിച്ച് സംസാരിക്കുന്നത് തടയുകയാണ് സൗദി നയതന്ത്രപ്രതിനിധികൾ ചെയ്തത്. വാൾസ്ട്രോ ഇതിനെതിരെ പ്രതിഷേധിച്ചപ്പോൾ സ്വീഡൻ കാർക്കുള്ള വിസ നിർത്തിവെക്കുന്ന പ്രതികാര നടപടികളാണ് സൗദികൾ സ്വീകരിച്ചത്. ''ഷറിയ (ശരീയത്ത്) യിൽ അധിഷ്ഠിതമാണ് സൗദിയിലെ ഭരണഘടന എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് അറബ്ലീഗ് വിദേശകാര്യമന്ത്രിമാരെല്ലാം തന്നെ സ്വീഡനെ അപലപിക്കുകയാണ് ചെയ്തത്. സ്വീഡന്റെ പ്രധാനമന്ത്രി സ്റ്റഫാൻ ലോഷൻ പക്ഷേ കീഴടങ്ങാൻ കൂട്ടാക്കിയില്ല. സാമ്പത്തിക നഷ്ടംസഹിച്ചും മനുഷ്യാവകാശ ധ്വംസനത്തിന്റെ പേരിൽ, സൗദിഅറേബ്യയുമായുണ്ടാക്കിയ പ്രതിരോധ ഉടമ്പടി അദ്ദേഹം റദ്ദ് ചെയ്തു.

സൗദി അറേബ്യയെ വർണ്ണവിവേചന രാഷ്ട്രമായി (apartheid state) പ്രഖ്യാപിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഈയിടെ യുഎസ് ഡിസൈനർ ആയ റാൻഡ് പോൾ സൗദി അറേബ്യയെ ബഹിഷ്ക്കരിക്കണമെന്ന് ശക്തമായി ആവശ്യപ്പെട്ടു. അദ്ദേഹം അമേരിക്കക്കാരെ ഓർമ്മിപ്പിച്ചത് ഇങ്ങനെയാണ്.

ഓർക്കുക ദക്ഷിണാഫ്രിക്ക തെറ്റായ നയങ്ങൾ പിന്തുടർന്ന് പെരുമാറാൻതുടങ്ങിയപ്പോൾ നാം അവരെ ബഹിഷ്ക്കരിച്ചു. ഇന്ന് നമ്മൾ സൗദി അറേബ്യയേയും ബഹിഷ്ക്കരിക്കണം.

ഐക്യരാഷ്ട്രസഭയിലെ ഇന്ത്യൻ നയതന്ത്രപ്രതിനിധികളും തീരെ നട്ടെല്ലില്ലാത്തവരാണ്. ആഗോള പ്രശ്നങ്ങളിൽ നമുക്കൊരു ധാർമ്മിക നിലപാട് ഉണ്ടായിരിക്കണം. എങ്കിലേ ഈ ലോകത്ത് നാം എവിടെ നിൽക്കുന്നുവെന്ന് നമ്മുടെ കുട്ടികൾ മനസ്സിലാക്കുകയുള്ളൂ. ■

(അമേരിക്കയിലെ മിഡിൽ ഈസ്റ്റ് മീഡിയ റിസർച്ചിന്റെ സൗത്ത് ഏഷ്യൻ സ്റ്റഡീസ് ഡയറക്ടറാണ് ലേഖകൻ)